**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6606** **21-03-2023 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മലയോര ഹൈവേയുടെ എത്ര റീച്ചുകൾ ഇതുവരെ പൂർത്തിയാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ നീളുന്ന മലയോരഹൈവേയിൽ 793.68 കി.മീ ആണ് കെ.ആർ.എഫ്.ബി-പി.എം.യു മുഖേന വികസിപ്പിക്കുന്നത്. കിഫ്ബി ഫണ്ട് ഉപയോഗിച്ചാണ് ഈ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിൽ 112.68 കി.മീ റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>**തിരുവനന്തപുരം ജില്ല** – കള്ളിക്കാട് - ആര്യനാട്, ഇരുതലമൂല – വിതുര, പാലോട്-ചല്ലിമുക്ക്, പെരിങ്ങമ്മല – പാലോട് - 24.58 കി.മീ<br><br>**കൊല്ലം ജില്ല** – കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി - 46.1കി.മീ<br><br>**ഇടുക്കി ജില്ല** – ചപ്പാത്ത് – കുട്ടിക്കാനം - 19 കി.മീ<br><br>**കാസർഗോഡ് ജില്ല** – നന്ദാരപടവ് - ചേവാർ - 23 കി.മീ |
| (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ ഇരുപത്തിയെട്ടാം മൈൽ മുതൽ പടിക്കൽവയൽ വരുന്ന (6.5 കി.മീ.) റീച്ച് ടെണ്ടർ നടപടി പൂർത്തിയാകുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ ലഭിച്ചത് ആർക്കാണെന്ന് അറിയിക്കാമോ; | (ബി) | 31.05.2022 ൽ ടെണ്ടർ ചെയ്ത പ്രസ്തുത പ്രവൃത്തിയ്ക്ക് ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s. ASSMAS കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ ബിഡ്സ് 21.10.2022 ൽ നടന്ന 37-ാം ടെൻഡർ അപ്പ്രൂവൽ കമ്മിറ്റിയിൽ വച്ച് അംഗീകരിച്ചിട്ടുണ്ട്. Drain, Retaining wall, തലയാട് പാലം, KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് എന്നിവയുടെ എസ്റ്റിമേറ്റ് തുക അധികരിച്ചതിനാൽ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി റിവിഷൻ പ്രൊപ്പോസൽ 24.08.2022ൽ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി നിർദ്ദേശ പ്രകാരം KSEB യൂട്ടിലിറ്റി ഷിഫ്റ്റിംഗ് തുക അധികരിച്ചതിലുള്ള കാരണം സഹിതം പ്രൊപ്പോസൽ 26.11.2022 ൽ |

| | | | |
|---|---|---|---|
| | | | പുനഃസമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിഗണനയിലാണ്. പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് contract package, Tender file, PED file മുതലായവ സമർപ്പിച്ച് LoA Number, Agreement Number എന്നിവ ലഭ്യമാക്കി കരാറുകാരനുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (സി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ